ഉത്തരം

(എ) 1945-46-ൽ കൊച്ചി സംസ്ഥാന പുരാവസ്തു വകുപ്പും, 1969-70-ൽ കേന്ദ്ര പുരാവസ്തു വകുപ്പും ശാസ്ത്രീയമായ ഉദ്ഖനനം നടത്തിയിട്ടുണ്ട്. കൂടാതെ 1990 മുതൽ 1992 വരെ കേരള, കേന്ദ്ര പുരാവസ്തു വകുപ്പുകളും, കേന്ദ്ര ജിയോളജി സർവ്വേ ഓഫ് ഇന്ത്യയുമായി സഹകരിച്ച് കൊടുങ്ങല്ലൂരിൽ സമുദ്രാന്തര സർവ്വെയും, പര്യവേക്ഷണവും നടത്തിയിരുന്നു.

(ബി) ഉയർന്ന സാങ്കേതിക വിദ്യയുടെ അഭാവത്താൽ കേരള സർക്കാരിന് മാത്രമായി ഉദ്ഖനന നടപടി സ്വീകരിക്കാൻ കഴിയുകയില്ല.

(സി) പരിഗണിക്കാവുന്നതാണ്.

പുരാതന മുസിരിസിനെ സംബന്ധിച്ച ചരിത്ര ഗവേഷണം

69 [3656] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂരായിരുന്നു പുരാതന മുസിരിസ് എന്നതിന് സർക്കാർ ചരിത്രഗവേഷകർക്ക് എന്തെങ്കിലും തെളിവ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) മുസിരിസിന്റെ അവശിഷ്ടങ്ങൾക്കുവേണ്ടി ഏതെല്ലാം വർഷങ്ങളിലാണ് ഉദ്ഖനനങ്ങൾ നടത്തിയിട്ടുള്ളത്;

(സി) ഉദ്ഖനനങ്ങളിൽനിന്നും ലഭ്യമായ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വ്യക്തമായ തെളിവുകൾ ലഭിച്ചിട്ടില്ല.

(ബി ആന്റ് സി) 1945-46-ൽ കൊച്ചി ആർക്കിയോളജി വകുപ്പും 1969-70-ൽ കേന്ദ്ര പുരാവസ്തു വകുപ്പിന്റെ നേതൃത്വത്തിലും ഉദ്ഖനനം നടത്തിയിട്ടുണ്ട്. അതിൽ നിന്നും പത്താം നൂറ്റാണ്ടുമുതൽക്കുള്ള അവശിഷ്ടങ്ങൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 2004 ഏപ്രിൽ മാസത്തിൽ പെരിയാർ നദീതീരത്തെ പട്ടണം എന്ന സ്ഥലത്ത് നടത്തിയ ഉദ്ഖനനത്തിൽ പുരാതന റോമാ സാമ്രാജ്യവും കേരളത്തിലെ അന്നത്തെ ചേരനാടുമായി ഉണ്ടായിരുന്ന കച്ചവട ബന്ധത്തെ സൂചിപ്പിക്കുന്ന ഏതാനും തെളിവുകളും കൊടുങ്ങല്ലൂരിൽനിന്നും സംഘകാലത്തെ ഒരു ചേര നാണയവും റോമിൽ നിന്നുള്ള മൺപാത്രമായ 'ആഫോറ'യുടെ അവശിഷ്ടവും കണ്ടെത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly